# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/2393/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P4/2393/22 തീയ്യതി: 29/03/2023

## കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 09-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 12-12-2022 | 20-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 20-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ഷീജ. ആർ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അനിൽകുമാർ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാകേഷ്. എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനീഷ് ,പടപ്പക്കര | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ജിജിമോൾ അലക്സ് | സെക്രട്ടറി | 01-04-2021 | 22-09-2021 |
| ശ്രീ.അഭയൻ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-09-2021 | 21-11-2021 |
| ശ്രീമതി.ജിജിമോൾ അലക്സ് | സെക്രട്ടറി | 22-11-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സന്ധ്യ.റ്റി | വി.ഇ.ഒ. | 01-04-2021 | 27-10-2021 |
| ശ്രീ.ജിമ്മിദാസ്.വൈ | വി.ഇ.ഒ. | 28-10-2021 | 31-03-2022 |
| ഡോ.സിനിൽകുമാർ | വെറ്റിനറി സർജൻ | 01-04-2021 | 24-11-2021 |
| ഡോ.മാധുരി.ജി | വെറ്റിനറി സർജൻ | 24-11-2021 | 31-03-2022 |
| ഡോ.ബർട്ടില്ല ബഞ്ചമിൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.മിനി ജയദേവൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 20-06-2021 |
| ഡോ.ജിജി.ജി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 23-06-2021 | 31-03-2022 |
| ഡോ.പിങ്കി.എ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രവീൺ കൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 03-05-2021 |
| ശ്രീമതി.മീനു.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 03-05-2021 | 31-03-2022 |
| ശ്രീമതി.മേരിലത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആര്യ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-01-2022 |
| ശ്രീമതി.രാജലക്ഷ്മി | ഫിഷറീസ് ഇൻസ്പെക്ടർ | 01-02-2022 | 31-03-2022 |
| ശ്രീമതി.ഷീബ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലാലിജോൺ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-05-2021 |
| ശ്രീമതി.മിനിമോൾ.ജെ | ഹെഡ്മിസ്ട്രസ് | 01-06-2021 | 30-11-2021 |
| ശ്രീ.ആന്റണി.ജെ | ഹെഡ്മിസ്ട്രസ് | 01-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.വത്സ ഗോഡ്വവിൻ | അക്രഡിറ്റഡ് എഞ്ചിനിയർ MGNREGS | 01-04-2021 | 31-03-2022 |
| ശ്രിമതി.സോണാൽ സലിം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല | 1-7-1 |
| 10 | മരണപ്പെട്ട /അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനായി ബാങ്കുകൾക്ക് അനുവദിച്ച തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. | 1-7-2 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ-അപാകതകൾ | 1-11 |
| 15 | ജീവനം പദ്ധതി-ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-12 |
| 16 | ലേലം, മാർക്കറ്റ് ഗേറ്റ് ഫീസ് ഇനങ്ങളിൽ ജി.എസ്.ടി. ഈടാക്കിയില്ല. | 1-13 |
| 17 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി:ഭൂവികസനപ്രവർത്തനങ്ങൾ- കൃഷി നടന്നതിന് രേഖയില്ല. | 1-14 |
| 18 | ഭവന പുനരുദ്ധാരണ പ്രവൃത്തിക്ക് പ്രോജക്ടിനേയും, വാല്യൂവേഷനേയും അധികരിച്ച് 50,000/-രൂപ നൽകി. | 1-15 |
| 19 | മരുന്ന് ലഭ്യമാക്കാൻ ശേഷിക്കുന്ന ചെലവ് തുക തടസ്സപ്പെടുത്തുന്നു . | 1-16 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-ലക്ഷ്യം കൈവരിച്ചില്ല. | 1-17 |
| 21 | ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-18 |
| 22 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല. | 1-19 |
| 23 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കട മുറികളിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-20 |
| 24 | വീട്ടു വളപ്പിലെ മത്സ്യകൃഷി -സബ്സിഡി അധികം നല്കി. | 1-21 |

| | | |
|---|---|---|
| 25 | ഭവനപുനരുദ്ധാരണം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു. | 1-22 |
| 26 | വാഹനത്തിൽ ഉപയോഗിക്കാത്ത ഇന്ധനത്തിന് വില നൽകി: 3917/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 1-23 |
| 27 | പൾസ് ഓക്സിമീറ്റർ വാങ്ങൾ:1344/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു,22848/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. | 1-24 |
| 28 | മരാമത്ത് പ്രവർത്തി-കരാർ നിരക്കിലും അധികമായി തുക നൽകി-1485/രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-26 |
| 29 | മണ്ണ് നിറയ്ക്കൽ പ്രവൃത്തി: അപാകതകൾ, 17512/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-27 |
| 30 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ ഭീമമായ തുക ഒടുക്കു വരുത്തുന്നു | 1-28 |
| 31 | ടെലിഫോൺ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-29 |
| 32 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കട മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കുന്നില്ല. | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഭവന പുനരുദ്ധാരണ പ്രവൃത്തിക്ക് പ്രോജക്ടിനേയും, വാല്യുവേഷനേയും അധികരിച്ച് 50,000/-രൂപ നൽകി. | 3-1 |
| 2 | മരാമത്ത് പ്രവർത്തി-കരാർ നിരക്കിലും അധികമായി തുക നൽകി-1485/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-2 |
| 3 | മണ്ണ് നിറയ്ക്കൽ പ്രവൃത്തി: അപാകതകൾ, 17512/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-3 |
| 4 | പൾസ് ഓക്സിമീറ്റർ വാങ്ങൾ:1344/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-4 |
| 5 | വാഹനത്തിൽ ഉപയോഗിക്കാത്ത ഇന്ധനത്തിന് വില നൽകി: 3917/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-5 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 11 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.2.21തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ പരിഷ്കരിച്ച ബജറ്റ് 14.3.22തീയതിയിലെ 2(2)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 13.5.22 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യമായി ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

2. വാടക - രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ് പ്രകാരം | 1,54,396 | 84,980 | 69,416 |
| രജിസ്റ്റർ പ്രകാരം | 1,40,848 | 72,028 | 68,820 |

3. Capital Work In Progress ആയി എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത് 5,12,130/- ആണെന്നിരിക്കെ വാർഷിക ധനകാര്യ പത്രിക പ്രകാരം Capital Work In Progress ആയി രേഖപ്പെടുത്തിയിട്ടുള്ളത് 8,85,390/- രൂപയാണ്.

4. വാർഷിക ധനകാര്യ പത്രിക പ്രകാരം ക്ലോസിംഗ് സ്റ്റോക്കായി 96,304/-രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. കേന്ദ്ര ധനകാര്യകമ്മീഷന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുടെ ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. (Tied & Untied)

| | ചെലവ് |
|---|---|
| എ.എഫ്.എസ് പ്രകാരം | 43,77,344 |
| എ.സി.ആർ പ്രകാരം | 43,87,704 |

6.കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ (പ്രോജക്ട് നമ്പർ. 115/21-22) എന്ന പദ്ധതി പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 3,00,341/- രൂപ (XVFC/2021-22/P/6, 19.03.22) ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ സ്റ്റേറ്റ്മെന്റിൽ 3,00,311/- രൂപ മാത്രമാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്.

7. റോഡ് കണക്ടിവിറ്റി മാപ്പിംഗ് (198/21-22) എന്ന പദ്ധതിയ്ക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ എ.സി.ആർ പ്രകാരം 10,360/- രൂപ അലോട്ടമെന്റ് നൽകി ചെലവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക തൻവർഷം ചെലവഴിച്ചിട്ടില്ല. ജി.ഒ.(ആർ.റ്റി)2617/22ഫിൻ തീയതി-31.3.2022 പ്രകാരം വികസനഫണ്ട് എസ്.സി.പി 8,19,800/- രൂപയും മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് 32,710/- രൂപയും അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ടെങ്കിലും വരവായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 57,12,978/- രൂപ |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 6,27,85,370/- രൂപ |
| ആകെ | 6,84,98,348/- രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,89,02,854/- രൂപ |
| നീക്കിയിരിപ്പ് | 95,95,494/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 74,258/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,77,616/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,15,58,000 | 1,15,58,000 | 1,15,50,318 | 7,682 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 69,68,000 | 69,68,000 | 51,11,329 | 18,56,671 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി) | 0 | 26,22,778 | 26,22,778 | 10,70,749 | 15,52,029 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – പെർഫോർമൻസ് ഗ്രാന്റ് (ട്രഷറി) | 0 | 10,04,733 | 10,04,733 | 8,17,772 | 1,86,961 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക്) | 0 | 32,28,000 | 32,28,000 | 14,28,484 | 17,99,516 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – പെർഫോർമൻസ് ഗ്രാന്റ്(ബാങ്ക്) | 0 | 21,85,327 | 21,85,327 | 10,60,348 | 11,24,979 |
| മെയിന്റനൻസ്, റോഡ് | 0 | 1,71,02,000 | 1,71,02,000 | 1,02,30,750 | 68,71,250 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 48,99,653 | 38,99,653 | 37,83,307 | 11,16,346 |
| സംസ്ഥാനാവിഷ്കൃതം | | | | | |
| സാക്ഷരത | 2,084 | 0 | 2,084 | 59 | 2,025 |
| MNREGS | 3,872 | 6,28,302 | 6,32,174 | 6,31,993 | 181 |
| കുടിവെള്ള പദ്ധതി ഗ്രാന്റ് | 10,000 | 0 | 10,000 | 0 | 10,000 |
| അംഗൻവാടിയ്ക്ക് ബേബിഫ്രണ്ട്ലി ടോയ് ലെറ്റ് | 12,000 | 24,000 | 36,000 | 0 | 36,000 |
| സമ്പൂർണ്ണ ശുചിത്വം (റ്റി.എസ്.സി) | 8,59,314 | 1,92,969 | 10,52,283 | 2,80,000 | 7,72,283 |
| ICDS | 4,07,434 | 6,20,332 | 10,27,766 | 4,53,933 | 5,73,833 |
| ശുചിത്വമിഷൻ | 10,02,049 | 0 | 10,02,049 | 0 | 10,02,049 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 1,40,000 | 0 | 1,40,000 | 0 | 1,40,000 |
| നിർമ്മൽ പുരസ്കാരം | 3,13,800 | 0 | 3,13,800 | 0 | 3,13,800 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 155 | 11,52,19,534/- | 107 | 3,90,94,672/- | 0 | 48 | 44% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,872 | 6,28,302 | 6,32,174 | 6,31,993 | 181 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,82,02,286 | 2,82,02,286 | 2,82,02,286 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19,200 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 8,36,800 | 30 |
| വിധവാപെൻഷൻ | 1,09,08,400 | 807 |
| വാർദ്ധക്യകാലപെൻഷൻ | 1,83,70,300 | 1469 |
| വികലാംഗപെൻഷൻ | 41,26,400 | 266 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,26,400 | 28 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,10,000 | 7 |

### 1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ പേരയം ഗ്രാമ പഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതാണെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

എൻക്വയറി നമ്പർ. 5 /17.12.22

1-7-2 മരണപ്പെട്ട /അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനായി ബാങ്കുകൾക്ക് അനുവദിച്ച തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

പേരയം ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2021-22 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി വിവിധ ബാങ്കുകളിൽ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്യാനായി നൽകിയ തുക ₹ |
|---|---|---|---|---|---|---|
| 1 | ആന്റണി | 103460201012 (സിൻഡിക്കേറ്റ് ബാങ്ക്, കുണ്ടറ) | വാർദ്ധക്യകാല പെൻഷൻ | 25.1.22 | 2/22 | 600/- |
| 2 | രാജമ്മ | 103460201362 (സിൻഡിക്കേറ്റ് ബാങ്ക്, കുണ്ടറ) | വാർദ്ധക്യകാല പെൻഷൻ | 23.7.18 | 8/18-11/18 | 2,400/- |
| 3 | ജോസഫ് | 103460201005 (സിൻഡിക്കേറ്റ് ബാങ്ക്, കുണ്ടറ) | വാർദ്ധക്യകാല പെൻഷൻ | 19.12.20 | 12/20-10/21 | 17,100/- |
| 4 | ത്രേസ്യാ.പി.റ്റി | 103460201274 (സിൻഡിക്കേറ്റ് ബാങ്ക്, കുണ്ടറ) | വാർദ്ധക്യകാല പെൻഷൻ | 6.11.21 | 11/21-12/21 | 1,200/- |
| 5 | സുദർശനൻ | 103460201481 (ഫെഡറൽ ബാങ്ക്, ചിറ്റുമല) | വാർദ്ധക്യകാല പെൻഷൻ | 23.2.21 | 2/21 | 1,600/- |
| 6 | സിസ്സിലി | 103460600089 (സിൻഡിക്കേറ്റ് ബാങ്ക്, കുണ്ടറ) | വാർദ്ധക്യകാല പെൻഷൻ | 13.11.21 | 11/21-12/21 | 3,200/- |
| 7 | ജസീന്ത | 103460201228 കേരള ഗ്രാമീൺ ബാങ്ക്, കുണ്ടറ) | വാർദ്ധക്യകാല പെൻഷൻ | 28.11.21 | 12/21 | 600/- |
| 8 | ലിയോൺസ്യാ | 103460200960 (ഫെഡറൽ ബാങ്ക്, ചിറ്റുമല) | വാർദ്ധക്യകാല പെൻഷൻ | 9.11.21 | 11/21-12/21 | 1,200/- |
| 9 | ബാർബര | 103460600316 (SBI, കുണ്ടറ) | വാർദ്ധക്യകാല പെൻഷൻ | 24.3.21 | 4/21-8/22 | 22,400/- |
| ആകെ- | | | | | | 50,300/- |

അനർഹമായ കാലയളവിലെ പെൻഷൻ വിതരണത്തിനായി 50,300/- രൂപ വിവിധ ബാങ്കുകൾക്ക്

അനുവദിച്ചിട്ടുണ്ടെങ്കിലും ടിഇകയെ സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലുള്ള തുക ഗുണഭോക്താക്കൾ കൈപ്പറ്റിയോ, നിലവിൽ ബാങ്ക് അക്കൗണ്ടുകളിൽ ഉണ്ടോ,സർക്കാരിലേക്ക് ഒടുക്കുവരുത്തിയോ എന്നതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായവരെ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട 9 ഗുണഭോക്താക്കൾക്ക് അനുവദിച്ച 50,300/- രൂപയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഈ ലിസ്റ്റ് ഭാഗികമാണ്. പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്.

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 50,300/- രൂപ വിവിധ ബാങ്കുകളിൽ നിന്ന് സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കാത്തപക്ഷം ഭാവിയിൽ ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

എൻക്വയറി നമ്പർ. 8/ 17.12.22

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2022 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5,800/- ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിൻറെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട് . പഞ്ചായത്തിന്റെ പരിധിയിൽ പാർപ്പിടാവശ്യത്തിനായി നമ്പർ അനുവദിച്ചിട്ടുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം 6570 ആണ്. എന്നാൽ ഇതിൽ 4074 (62%) കെട്ടിടങ്ങളും നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കണക്കുകളുടെ വസ്തുതാപരമായ പുനപ്പരിശോധന നടത്തേണ്ടതാണ്.

കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൺട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ്കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. (ഖണ്ഡിക 1-7 കാണുക). സുഭിക്ഷ കേരളം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അപാകതകൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

2021-22 വർഷത്തിൽ ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ പ്പെടുത്തി 1, 2, 5, 9, 14 എന്നീ വാർഡുകളിലായി 5 തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ആകെ 3.64 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനായി 3,65,113/- രൂപ ചെലവഴിച്ചു. ഭൂമി കൃഷിയോഗ്യമാക്കുന്നതിനു മുന്നോടിയായി ഭൂവുടമകളിൽനിന്നും പ്രസ്തുത ഭൂമിയിൽ നിശ്ചിത കൃഷി നടത്തുന്നതാണെന്ന് രേഖാമൂലം ഉറപ്പുവാങ്ങിയില്ല.

2021-22 വർഷം പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസറുടെ നിർവ്വഹണാധികാരത്തിൽ യാതൊരുവിധത്തിലുമുള്ള തരിശുഭൂമികൃഷി പദ്ധതിയും ഏറ്റെടുത്തിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു.ആയതുകൊണ്ടുതന്നെ തരിശുഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾക്ക് ശേഷം പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കൃഷി നടന്നതായി രേഖയില്ല.

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ വലിയ പങ്ക് നടപ്പിലാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്. വകയിരുത്തപ്പെട്ടതിൽ 54.9% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.പദ്ധതി നിർവ്വഹണത്തിന് തടസ്സമാകുന്ന സാഹചര്യങ്ങൾ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ കാണേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ മിക്ക പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.2.18 To 15.2.18 | 2012-13 To 2016-17 | 28.3.18 |
| പെർഫോർമൻസ് ഓഡിറ്റ് | 15.11.22 To 16.11.22 | 7/22 To 10/22 | Nil |

## 1-11 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ-അപാകതകൾ

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി രണ്ട് പദ്ധതികളാണ് 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയത്. ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

A) 2021-22 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണിത്.

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്കുകൾ മെയിന്റനൻസ്(എ.എം.സി) 135/21-22 |
| അടങ്കൽ | 2,58,910/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 2,52,980/-(12/21-22, 11.10.21) |

B)

| | |
|---|---|
| പ്രോജക്ട് | തെരുവ് വിളക്കുകളുടെഅറ്റകുറ്റപ്പണികൾ 111/21-22 |
| അടങ്കൽ | 3,50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,98,910/-(26/21-22, 16.02.22) |

അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടർമാരിൽ നിന്നും കരാർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ.ഷാജി, ചൂരക്കാട് വീട് എന്ന വ്യക്തിയ്ക്കാണ് 2020-21, 2021-22 എന്നീ വർഷങ്ങളിൽ തെരുവ് വിളക്കുകളുടെഅറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽ കിയത്. തെരുവ് വിളക്കുകളുടെഅറ്റകുറ്റപ്പണികൾക്കായി 2020-21, 2021-22 എന്നീ വർഷങ്ങളിൽ അംഗീകരിച്ച റേറ്റ് ചുവടെ ചേർക്കുന്നു.

| | സിഗിൾ ട്യൂബ് | ഡബിൾ ട്യൂബ് | സി.എഫ്.എൽ/എൽ.ഇ.ഡി ബൾബ് |
|---|---|---|---|
| 2020-21 | 125 | 145 | 100 |
| 2021-22 | 130 | 140 | 100 |

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം തെരുവ് വിളക്ക്സ്ഥാപിക്കലും ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരം (പോസ്റ്റ് നം ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരനും പഞ്ചായത്ത് ഓഫീസിലും സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും പ്രസ്തുത നടപടികളൊന്നും പഞ്ചായത്തിൽ പാലിക്കുന്നില്ല.

തെരുവ് വിളക്ക് മെയിന്റനൻസിന്റെ ഭാഗമായി മാറ്റിയിട്ടുള്ള ഉപകരണങ്ങൾ ഏതൊക്കെയെന്ന് ലിസ്റ്റ് ആക്കി പഞ്ചായത്തിൽ നൽകേണ്ടതും അതിനുപകരമായി പോസ്റ്റിൽ നിന്നും മാറ്റിയതും തകരാറായതോ ഉപയോഗപ്രദമായതോ ആയ പഴയ ഉപകരണങ്ങൾ പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതാണെന്നും ഇതിനായി ഒരു ലിസ്റ്റ് സൂക്ഷിക്കേണ്ടതും ഉപകരണങ്ങളുടെ കൊടുക്കൽ വാങ്ങൽ വേളയിൽ കൈപ്പറ്റ് രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ടെങ്കിലും മേൽ നിബന്ധനകളൊന്നും പാലിക്കുന്നില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ജീവനം പദ്ധതി-ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ജീവനം പദ്ധതി-ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ (24/21-22). ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ജീവനം പദ്ധതി-ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ, 24/21-22 |
| അടങ്കൽ | ₹ 1,00,000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹ 1,00,000/- (ബിൽ നമ്പർ. 14/21-22, 20.10.21) |

ഈ പദ്ധതി പ്രകാരം 1,00,000/- രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറി പേർക്ക് നൽകിയെങ്കിലും ആയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 1,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തടസ്സം – 1,00,000/- രൂപ
എൻക്വയറി നമ്പർ – 10/2021-22 / 19.12.2022

## 1-13 ലേലം, മാർക്കറ്റ് ഗേറ്റ് ഫീസ് ഇനങ്ങളിൽ ജി.എസ്.ടി. ഈടാക്കിയില്ല.

2021-2022 സാമ്പത്തിക വർഷം പേരയം മാർക്കറ്റ് മാട്ടിറച്ചി ലേലം, ഗേറ്റ് ഫീസ് പിരിവ് എന്നിവ പരിശോധിച്ചതിൽ ലേലം വിജയിച്ച വ്യക്തികൾ ഈ ഇനങ്ങളിൽ അടവാക്കേണ്ട ജി.എസ്.ടി അടവാക്കിയതായി കാണുന്നില്ല. പേരയം മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരത്തിനുള്ള ലേലം 8,50,000/- രൂപയ്ക്ക് ഏറ്റെടുത്ത ശ്രീ. ബിനു ഫ്രാൻസിസ്, ചരുവിള വീട്, നാന്തിരിക്കൽ എന്ന വ്യക്തിയും മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 40,001/- രൂപയ്ക്ക് ഏറ്റെടുത്ത ജോൺസൺ എ, വട്ടവിള വീട്, കരിക്കുഴി, പടപ്പക്കര എന്ന വ്യക്തിയും ലേലത്തുകയോടൊപ്പം നിയമാനുസൃത ജി.എസ്.ടി. അടവാക്കിയില്ല. പ്രസ്തുത വ്യക്തികളിൽ നിന്നും ലേലത്തുകയുടെ 18% ജി.എസ്.ടി ഇനത്തിൽ ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിന് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല, ലേലത്തിലേർപ്പെട്ട മേൽ വ്യക്തികളിൽ നിന്നും ജി.എസ്.റ്റി ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തി അറിയിക്കേണ്ടതാണ്.

## 1-14 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി:ഭൂവികസനപ്രവർത്തനങ്ങൾ-കൃഷി നടന്നതിന് രേഖയില്ല.

2021-22 വർഷത്തിൽ പേരയം ഗ്രാമപഞ്ചായത്തിൽ 1, 2, 5, 9, 14 എന്നീ വാർഡുകളിലായി 5 തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ആകെ 3.64 ഹെക്ടർ തരിശുനിലം

കൃഷിയോഗ്യമാക്കുന്നതിനായി 3,65,113/- രൂപ ചെലവഴിച്ചു. പദ്ധതി സംബന്ധമായി ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ഭൂമി കൃഷിയോഗ്യമാക്കുന്നതിനു മുന്നോടിയായി ഭൂവുടമകളിൽനിന്നും പ്രസ്തുത ഭൂമിയിൽ നിശ്ചിത കൃഷി നടത്തുന്നതാണെന്ന് രേഖാമൂലം ഉറപ്പുവാങ്ങിയില്ല.

2. 2021-22 വർഷം പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസറുടെ നിർവ്വഹണാധികാരത്തിൽ യാതൊരുവിധത്തിലുമുള്ള തരിശുഭൂമികൃഷി പദ്ധതിയും ഏറ്റെടുത്തിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു. ആയതുകൊണ്ടുതന്നെ തരിശുഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾക്ക് ശേഷം പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കൃഷി നടന്നതായി രേഖയില്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എം.എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/19.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ സഗൗരവ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നു. കാർഷിക മേഖലയിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി അംഗങ്ങളെ വിനിയോഗിക്കുമ്പോൾ കൃഷിവികസന ഓഫീസറുടെ മേൽനോട്ടവും ഇരു വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ ഏകോപനവും സംയുക്തമായ പ്രവർത്തനവും ഉറപ്പാക്കേണ്ടതാണ്. ഇത്തരത്തിൽ സംയുക്തമായി നടപ്പാക്കപ്പെടുന്ന പദ്ധതികളുടെ ഫലപ്രാപ്തി, ചെലവഴിക്കപ്പെടുന്ന പദ്ധതി പണത്തിന്റെ കണക്കുകളുടെ കൂടി അടിസ്ഥാനത്തിൽ വിശകലനം ചെയ്യപ്പെടേണ്ടതാണ്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ ഫലവത്താക്കാൻ പഞ്ചായത്ത് ഭരണസമിതിയുടേയും വികസന സ്റ്റാൻഡിങ് കമ്മിറ്റിയുടെയും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

## 1-15 ഭവന പുനരുദ്ധാരണ പ്രവൃത്തിക്ക് പ്രോജക്റ്റിനേയും, വാല്യൂവേഷനേയും അധികരിച്ച് 50,000/-രൂപ നൽകി.

| | |
|---|---|
| പ്രോജക്റ്റ് | വീട് പുനരുദ്ധാരണം (എസ്.സി) നമ്പർ- 94/21-22 |
| അടങ്കൽ | ₹ 16,00,000/- (15,74,200/- വികസന ഫണ്ട് എസ്.സി.പി + 25,800/- തനത് ഫണ്ട്) |
| ചെലവ് | ₹ 12,00,000/- |

2021-2022 സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം (എസ്.സി) പ്രവൃത്തിക്കായി ഒരു ഗുണഭോക്താവിന് 1,00,000/- രൂപ വച്ച് 16 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കാനാണ് പദ്ധതി ആവിഷ്കരിച്ചത്. അസി. എഞ്ചിനിയുടെ വാല്യൂവേഷൻ പ്രകാരം 1,00,000/-രൂപ നൽകുന്നതിന് പകരം ശ്രീമതി. വസന്ത, തെക്കേ തടത്തിവിള, പേരയം, മുളവന. പി.ഒ എന്ന ഗുണഭോക്താവിന് 1,50,000/- രൂപ നൽകി. അധികം 50,000/- രൂപ നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നൽകിയ തുക ₹ | ബിൽ നമ്പർ, തീയതി |
|---|---|---|
| 1 | 50,000/- | 22/21-22, 20.1.22 |
| 2 | 50,000/- | 40/21-22, 16.2.22 |
| 3 | 50,000/- | 41/21-22, 19.2.22 |
| | ആകെ - 1,50,000/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികമായി നൽകിയ 50,000/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. അധികം നൽകിയ 50,000/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നമ്പർ - 4 /17.12.22

നിരാകരണം - 50,000/- രൂപ

## 1-16 മരുന്ന് ലഭ്യമാക്കാൻ ശേഷിക്കുന്ന ചെലവ് തുക തടസ്സപ്പെടുത്തുന്നു .

2021-22വർഷത്തിൽ മെഡിക്കൽ ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളാണ് പി.എച്ച്. സിക്ക് മരുന്നുകൾ വാങ്ങൽ, പാലിയേറ്റിവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങൽ എന്നിവ.മരുന്നുകൾ

വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം /പേര് | നൽകിയ തുക ₹ | ലഭ്യമാക്കിയ മരുന്നുകളുടെ വില ₹ | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില ₹ | ബിൽനം/ തിയതി |
|---|---|---|---|---|
| പി.എച്ച്. സിക്ക് മരുന്നുകൾ വാങ്ങൽ (36/22) | 6,96,021/- | 4,95,545/- | 2,00,476/- | 24/18.2.22, 25/27.3.22 |
| പാലിയേറ്റിവ്കെയർ മരുന്നുകൾ വാങ്ങൽ (173/22) | 1,09,251/- | 55,542/- | 53,709/- | 16/27.1.22 31/27.3.22 |
| ആകെ- | 8,05,272/- | 5,51,087/- | 2,54,185/- | |

2,54,185/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 2,54,185/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നമ്പർ. 6 /17.12.22

തടസ്സം - 2,54,185/- രൂപ

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നമ്പർ-98/21-22 |
| അടങ്കൽ | ₹ 8,00,000/- (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | ₹ 3,00,000/- |
| നിർവഹണം | വി.ഇ.ഒ |

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് 2,00,000/- രൂപ സബ്സിഡി നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. മേൽ പദ്ധതി പ്രകാരം ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക ₹ | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1. | രാകേഷ്, പാലവിളവീട് പേരയം, മുളവന. പി.ഒ | 1,50,000/- | 41/26.2.22, 54/9.3.22, 71/27.3.22 |
| 2. | ഉഷമനകുമാർ, ആദിത്യഭവൻ, പേരയം, മുളവന. പി.ഒ | 50,000/- | 52/9.3.22 |
| 3. | ബിന്ദു. എസ്, സാരംഗ് നിവാസ്, പേരയം, | 1,00,000/- | 55/9.3.22 62/18.3.22 |
| | ആകെ | 3,00,000/- | |

മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ മേൽ ഗുണഭോക്താക്കളെകൊണ്ട് പഠനമുറി പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കാത്തതിനാൽ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നമ്പർ. 7/ 17.12.22

തടസ്സപ്പെടുത്തുന്ന തുക – 3,00,000/- രൂപ

## 1-18 ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചില്ല.

2020-2021 സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | വീട് പുനരുദ്ധാരണം (എസ്.സി), നമ്പർ - 94/21-22 |
| അടങ്കൽ | ₹ 16,00,000/- (15,74,200/- വികസന ഫണ്ട് എസ്.സി.പി + 25,800/- തനത് ഫണ്ട്) |
| ചെലവ് | ₹ 12,00,000/- |

ഭവന പുനരുദ്ധാരണ പ്രവർത്തികൾക്കായി ഒരു ഗുണഭോക്താവിന് 1,00,000/- രൂപ വച്ച് 16 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കാനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. തൻ വർഷം ആദ്യഗഡുവായി 50,000/- രൂപ കൈപ്പറ്റിയ ബൈജു. എസ്, പൊയ്കയിൽ, പേരയം, മുളവന. (പി.ഒ) എന്ന വ്യക്തി നാളിതുവരെ തുടർ ഗഡുക്കൾ കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കാത്തതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 50,000/- രൂപ തടസ്സപ്പെടുത്തുന്നു. ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നമ്പർ. 9/ 17.12.22

തടസ്സം – 50,000/- രൂപ

## 1-19 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.

പദ്ധതി നിർവ്വഹണാധികാരി : മെഡിക്കൽ ഓഫീസർ, ഹോമിയോ, കുണ്ടറ
പ്രോജക്ട് നം. 5/21-22 ( ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ)
അടങ്കൽ തുക : 1,25,000/- രൂപ (മെയിന്റനൻസ് ഫണ്ട്).
ചെലവ് : 1,25,000/- രൂപ (ബിൽ നം. 1/21.12.21)

മരുന്നുകളുടെ വിലയിനത്തിൽ 1,25,000/- രൂപ മുൻകൂറായി 'ഹോംകോ 'എന്ന സ്ഥാപനത്തിന് നല്കിയിരുന്നെങ്കിലും 34,417/- രൂപ മൂല്യമുള്ള മരുന്നുകൾമാത്രമാണ് ലഭ്യമായതായി രേഖയുള്ളത്. ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/4.12.22) മറുപടിലഭ്യമാക്കിയില്ല. ആയതിനാൽ, മുൻകൂർ നല്കിയ 1,25,000/- രൂപയിൽ ശേഷിക്കുന്ന 90,583/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടിയന്തിര നടപടികളിലൂടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
എൻക്വയറി നം. 1/4.12.22
തടസ്സപ്പെടുത്തുന്ന തുക – 90,583/- രൂപ

## 1-20 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കട മുറികളിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പേരയം ഷോപ്പിംഗ് കോംപ്ലക്സ് കട മുറികളിൽ നിന്നും 2021-22 സാമ്പത്തിക വർഷം വാടക തുക ഈടാക്കാൻ അവശേഷിക്കുന്നു.

| കടമുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക തുക | ആകെ 2021-22 ലെ കുടിശ്ശിക |
|---|---|---|---|
| 12/446 | ശ്രീ. ഷിബു തമ്പാൻ, തോട്ടിൻ പുരയിൽ, കൊട്ടുവിള | 2493 | 29916 |
| 12/447 | ശ്രീ. മണികണ്ഠൻ, ചരുവിള വീട്, കണ്ണനല്ലൂർ | 2570 | 30840 |
| 12/450 | ശ്രീ. ഷാജി, വട്ടത്തറ വീട്, പടപ്പക്കര | 672 | 8064 |

മേൽപ്പരാമർശിച്ച വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി വ്യക്തികളുടെ ഡെപ്പോസിറ്റ് തുകയിൽ നിന്ന് വാടക കുടിശ്ശിക ഈടാക്കുകയും കടമുറികൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-21 വീട്ടു വളപ്പിലെ മത്സ്യകൃഷി -സബ്സിഡി അധികം നല്കി.

ഫിഷറീസ് സബ് ഇൻസ്പെക്ടർ ൽ നിർവ്വഹണം നടത്തിയ വീട്ടു വളപ്പിലെ മത്സ്യകൃഷി പദ്ധതികളിൽ (പ്രോജക്റ്റ് നം. 90/22, 133/22) ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29-5-20ലെ ജി.ഒ(ആർ.ടി)1009/20 നം ഉത്തരവ് ഖണ്ഡിക 4.2 പ്രകാരം)

ആകെ യൂണിറ്റ് ചെലവ് 1,23,000/- ഗുണഭോക്തൃവിഹിതം 73,800/- നല്കാവുന്ന പരമാവധി സബ്സിഡി - ആകെ 49,200/- (തദ്ദേശഭരണസ്ഥാപനം 32,800/- ഫിഷറീസ് വകുപ്പ് 16,400/-)
എ). അടിസ്ഥാന സൗകര്യ വികസനം 74,000/- രൂപ (കുളം നിർമ്മിക്കൽ -18,400, പോളിത്തീൻ ഷീറ്റും അനുബന്ധ ഉപകരണങ്ങളും – 38,000/-, പമ്പുകൾ മറ്റ് അനുബന്ധ ഉപകരണങ്ങളും - 17,600/-)

ബി). പ്രവർത്തനചെലവുകൾ 49,000/- (മത്സ്യവിത്ത് - 6,000 - രൂപ, തീറ്റ 41,000/ -, മരുന്നുകൾ - 2,000/-)
1). പ്രോജ്ക്ട് നമ്പർ- 90/22

പ്രസ്തുത പദ്ധതി ഫയൽ, ഹാജരാക്കിയ ചെലവ് രേഖകൾ എന്നിവ പരിശോധിച്ചതിൽ പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീ. മേരി ദാസൻ, മൊണ്ട് വില്ലി, പേരയം, ശ്രീ. പ്രകാശ് ജോസ് വിലാസം, പടപ്പക്കര എന്നീ രണ്ട് വ്യക്തികളും അടിസ്ഥാന സൗകര്യ വികസനം മാത്രമാണ് നടത്തിയിട്ടുള്ളതെന്നും മറ്റ് പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലെന്നും ബോധ്യപ്പെട്ടു. ഹാജരാക്കിയ രേഖകൾ പ്രകാരം നല്കേണ്ടിയിരുന്ന സബ്സിഡിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ആകെ ചെലവഴിച്ച തുക | ഇനം തിരിച്ചുള്ള ചെലവിൽ പരിമിതപ്പെടുത്താവുന്നത്. | നല്കാവുന്ന സബ്സിഡി | നല്കിയ സബ്സിഡി | അധികം |
|---|---|---|---|---|---|---|
| 1 | ശ്രീ മേരി ദാസൻ | 75,036/- | 74,000/- | 19,733/- | 29,600/- | 9,867/- |
| 2 | ശ്രീ പ്രകാശ് | 85,140/- | 74,000/- | 19,733/- | 29,600/- | 9,867/- |
| | | | | | ആകെ | 19734/- |

മേൽ പദ്ധതിയിൽ പ്രവർത്തന ചെലവിന്റെ രേഖകൾ ഹാജരാക്കാതെ സബ്സിഡി തുക അധികമായി നല്കിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് തദ്ദേശസ്ഥാപന വിഹിതത്തിൽ നിന്നും അധികമായി നല്കിയ തുക തിരികെ ഈടാക്കുകയോ പ്രവർത്തന ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | 133/22 |
| അടങ്കൽ തുക ₹ | 8,49,721/-<br>(വികസന ഫണ്ട് ജനറൽ 27121/-, ഗു.വി 5,90,400/-, ജില്ലാ പഞ്ചായത്ത് വിഹിതം-41,000/-) |
| ചെലവഴിച്ച തുക ₹ | 43,521/- (വികസന ഫണ്ട് ജനറൽ - 27,121/-, ജില്ലാ പഞ്ചായത്ത് വിഹിതം - 16,400/-) |

പ്രസ്തുത പദ്ധതി ഫയൽ, ഹാജരാക്കിയ ചെലവ് രേഖകൾ എന്നിവ പരിശോധിച്ചതിൽ പദ്ധതിയുടെ ഗുണഭോക്താക്കളായ ജീൻ ജോർജ് ജി. കെ, എന്ന വ്യക്തി അടിസ്ഥാന സൗകര്യ വികസനം മാത്രമാണ് നടത്തിയിട്ടുള്ളതെന്നും മറ്റ് പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലെന്നും ബോധ്യപ്പെട്ടു. പ്രഭ എസ്. എന്ന വ്യക്തി ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം പ്രവർത്തന ചെലവ് ഇനത്തിൽ മത്സ്യവിത്തിനായി ആറായിരം രൂപ ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം നല്കേണ്ടിയിരുന്ന സബ്സിഡിയുടെ വിവരം ചുവടെ ചേർക്കുന്നു.
ശ്രീ. ജീൻ ജോർജ്
അടിസ്ഥാന സൗകര്യ വികസനം

| ഇനം | ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് ₹ | അനുവദനീയമായ സബ്സിഡി ₹ |
|---|---|---|

| | | |
|---|---|---|
| കുളം നിർമ്മാണം | 5,400/- | 1,440 |
| പോളിത്തീൻ, അനുബന്ധ ഉപകരണങ്ങൾ | 38,000/- | 10,133 |
| പമ്പുകൾ, അനുബന്ധ ഉപകരണങ്ങൾ | 5,299/- | 1,413 |
| ആകെ അനുവദനീയമായ സബ്സിഡി | | 12,986 |

പ്രവർത്തന ചെലവ്

| ഇനം | ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് ₹ | അനുവദനീയമായ സബ്സിഡി ₹ |
|---|---|---|
| മത്സ്യം വിത്ത് | 6,000 | 1,600 |

ആകെ അനുവദിച്ച സബ്സിഡി - 22,721/- രൂപ (14,521/- തീയതി-11.8.21, 8,200/- തീയതി-27.10.21)
ആകെ അനുവദനീയമായ സബ്സിഡി- 14,586/- രൂപ

ആകെ അധികമായി അനുവദിച്ച തുക- 8,135/- രൂപ

ശ്രീ. പ്രഭ എസ്
അടിസ്ഥാന സൗകര്യ വികസനം

| ഇനം | ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് ₹ | അനുവദനീയമായ സബ്സിഡി ₹ |
|---|---|---|
| കുളം നിർമ്മാണം | 18,900 | 4,907 |
| പോളിത്തീൻ അനുബന്ധ ഉപകരണങ്ങൾ | 38,100 | 10,133 |
| പമ്പുകൾ അനുബന്ധ ഉപകരണങ്ങൾ | 22,331 | 4,693 |
| ആകെ അനുവദനീയമായ സബ്സിഡി | | 19,733 |

ആകെ അനുവദനീയമായ സബ്സിഡി - 19,733/- രൂപ
ആകെ അനുവദിച്ച സബ്സിഡി - 20,800/- രൂപ (12,600/- തീയതി-11.8.21, 8,200/- തീയതി-27.10.21)
ആകെ അധികമായി അനുവദിച്ച സബ്സിഡി - 1,067/- രൂപ
പ്രവർത്തന ചെലവ് ഉൾപ്പടെയുള്ള മറ്റു ചെലവ് രേഖകൾ കൂടി ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കി സബ്സിഡി ക്രമീകരിക്കുകയോ അധികമായി അനുവദിച്ച സബ്സിഡി തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 ഭവനപുനരുദ്ധാരണം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതിയുടെ അപേക്ഷ ഉൾപ്പെടെയുള്ള ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പ്രോജക്ട് നം/ പേര് | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ബിൽ നം./ തിയതി |
|---|---|---|---|
| 140/22- ഭവനപുനരുദ്ധാരണം (ജനറൽ) | 3,20,000/- | 2,00,000/- | Rs. 1,60,000/-1/30.7.21<br>Rs. 20,000/-32/9.2.21<br>Rs. 20,000/-76/31.3.21 |

ഇതു സംബന്ധിച്ച് 19.12.22 തീയതിയിൽ നൽകിയ ഓഡിറ്റ് റിക്വിസിഷൻ നം. 1/21-22ന് 40,000/- (20,000 +

20,000) രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയും, 1,60,000/- രൂപയുടെ ബിൽ പ്രകാരമുള്ള തുകയുടെ രേഖകൾ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ആയതിനാൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 21/19.12.22

തടസ്സപ്പെടുത്തുന്ന തുക – 1,60,000/- രൂപ

## 1-23 വാഹനത്തിൽ ഉപയോഗിക്കാത്ത ഇന്ധനത്തിന് വില നൽകി: 3917/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പഞ്ചായത്തിന്റെ തനത് ചെലവ് രേഖകൾ പരിശോധിച്ചതിൽ 02/2021 മാസത്തിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL02-BA/7759 നമ്പർ ബൊലേറോ ജീപ്പിൽ ഇന്ധനം നിറച്ച വകയിൽ 11,337/- രൂപ ചെക്ക് നമ്പർ 754032/27.4.21 പ്രകാരം പിൻവലിച്ചിട്ടുണ്ട്.

ചെലവിന്റെ ഓഡിറ്റിന്ഹാജരാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

46 ലിറ്റർ @ 85.16 = 3917.36 Bill No 15341/16.2.21/Mohanan R, BP Dealer, Kundara

42.63 ലിറ്റർ @ 87.02 = 3709.66 Bill No 15377/27.2.21/ „

45 ലിറ്റർ @ 82.45 = 3710.25 Bill No 15323/7.2.21/ „

ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ, ലോഗ് ബുക്ക് മാസാന്ത്യ അബ്സ്ട്രാക്റ്റ്/സാക്ഷ്യപത്രം എന്നിവ പ്രകാരം മുൻ ബാക്കി 44.03 ലിറ്റർ, തൻമാസ ഫില്ലിംഗ് 45 ലിറ്റർ, 42.63 ലിറ്റർ എന്നിങ്ങനെയാണ് വാഹനത്തിൽ നിറച്ച ഇന്ധനത്തിന്റെ അളവ്. ബിൽ നം. 15341/16.2.21 പ്രകാരമുള്ള 46 ലിറ്റർ ഇന്ധനം ലോഗ് ബുക്ക് പ്രകാരം വാഹനത്തിൽ നിറച്ചിട്ടില്ല. ശരാശരി 12.5KM/Ltr നിരക്കിൽ ഇന്ധന വിനിയോഗം കണക്കിലെടുത്ത് 0.06 ലിറ്റർ നീക്കിയിരിപ്പ് കണക്കാക്കി അടുത്ത മാസത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടുമുണ്ട്.

46 ലിറ്റർ ഇന്ധന വിനിയോഗം സംബന്ധമായി വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ലോഗ് ബുക്ക് പ്രകാരം വാഹനത്തിൽ വിനിയോഗിച്ചിട്ടില്ലാത്ത 46 ലിറ്റർ ഇന്ധനത്തിന്റെ വില ഇനത്തിലുള്ള 3,917/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 19/19.12.22

നിരാകരിച്ച തുക – 3,917/- രൂപ

## 1-24 പൾസ് ഓക്സിമീറ്റർ വാങ്ങൽ:1344/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു,22848/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

പഞ്ചായത്തിന്റെ തനത് ചെലവ് രേഖകൾ പരിശോധിച്ചതിൽ 18 പൾസ് ഓക്സിമീറ്ററിന്റെ വിലയിനത്തിൽ ചെക്ക് നമ്പർ 750983 തീയതി 10.5.21 പ്രകാരം 24,192/- രൂപ (1,344/- രൂപ നിരക്കിൽ), എലിക്സർ കെമിക്കൽസ് ആൻഡ് സർജിക്കൽസ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതായി കാണുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്ക് റജിസ്റ്റർ പ്രകാരം 17 പൾസ് ഓക്സിമീറ്ററുകളുടെ സീരിയൽ നമ്പർ രേഖപ്പെടുത്തി സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. (പേജ് 75-76). ഇവ ആർക്കു നൽകി / ആര് കൈപ്പറ്റി എന്ന വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 17 ഓക്സിമീറ്റർ കൈപ്പറ്റിയപ്പോൾ 18 എണ്ണത്തിന്റെ വില നൽകുവാൻ ഉണ്ടായ സാഹചര്യവും ആർക്ക് വിതരണംചെയ്തു എന്നതും വിശദീകരിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ സ്റ്റോക്കിലെടുത്ത 17 പൾസ് ഓക്സിമീറ്ററുകളുടെ വിലയിനത്തിലുള്ള 22,848/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. സ്റ്റോക്കിലെടുത്തിട്ടില്ലാത്ത 1 പൾസ് ഓക്സിമീറ്ററിന്റെ വിലയായ 1,344/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 1,344/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവകുരുത്തേണ്ടതാണ്. 17 പൾസ് ഓക്സിമീറ്ററുകൾ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18/19.12.2022

നിരാകരിച്ച തുക – 1,344/- രൂപ

തടസ്സം – 22,848/- രൂപ

## 1-26 മരാമത്ത് പ്രവർത്തി-കരാർ നിരക്കിലും അധികമായി തുക നൽകി-1485/രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ. SO121/22 കൊച്ചുമുറ്റം കുറിച്ചിയിൽ ഏലാ റോഡ് പുനരുദ്ധാരണം
നിർവ്വഹണാധികാരി – അസി. എഞ്ചിനീയർ
അടങ്കൽ തുക – 8,00,000/- രൂപ (Maintanance Fund-road)
ആകെ ചെലവ് – 7,22,739/- രൂപ (Bill No.7/30.7.2021)
ടെൻഡർ ഷെഡ്യൂൾ തുക – 7,14,152.77/- രൂപ (PAC)
കരാർ തുക – 6,45,302.77/- രൂപ (Agreed PAC)
കരാറുകാരൻ – ശ്രീ. മണികണ്ഠൻ. എ.
ബിൽതുക കണക്കാക്കിയതിന്റെ വിവരങ്ങൾ:
എംബുക്ക് നമ്പർ. 34/20-21
ആകെ കണക്കാക്കിയ പ്രവർത്തി മൂല്യം: 6,45,303/- രൂപ
+12%: 77,436/- രൂപ
ആകെ: 7,22,739/- രൂപ
ടെൻഡർ ഷെഡ്യൂൾ തുക 714152.77 എന്നുള്ളത് 12.2.2021 ലെ 7 നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് പരിഷ്കരിച്ച് 7,12,685.63 രൂപ ആയി പുനർനിർണ്ണിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ടെൻഡർ നിരക്ക് പ്രകാരം, കരാറുകാരന് പരമാവധി അനുവദനീയമായ തുക ചുവടെ ചേർക്കും പ്രകാരം കണക്കാക്കുന്നു.
645302.77 / 714152.77 X 712685.63 = 6,43,977/- രൂപ
+12% GST Compensation: 77,277/- രൂപ
ആകെ: 7,21,254/- രൂപ
അധികം പിൻവലിച്ച തുക : 1,485/- രൂപ
വിഷയത്തിൻ മേൽ വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,485/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ അസിസ്റ്റൻറ് എഞ്ചിനീയറിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/19.12.2022.
നിരാകരിച്ച തുക – 1,485/- രൂപ

## 1-27 മണ്ണ് നിറയ്ക്കൽ പ്രവൃത്തി: അപാകതകൾ, 17512/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ – SO122/22, (അയ്യൻ കോയിക്കൽ കാപ്പിക്കാരൻ കരിക്കലഴികം റോഡ് പുനരുദ്ധാരണം)
നിർവ്വഹണാധികാരി : അസിസ്റ്റന്റ് എഞ്ചിനീയർ.
അടങ്കൽ തുക – 9,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ് – 7,23,584/- രൂപ (ബിൽ നം. 9 /17.08.21)
കരാറുകാരൻ - ശ്രീ. ജോൺസൺ
കരാർ നം. 30/AE/LSGD/KPA/21-22 Dtd.16.10.2021.
എം ബുക്ക് നമ്പർ. 46/21-22
പ്രവൃത്തിയുടെ പ്രാഥമിക എസ്റ്റിമേറ്റിന്റെയും റിവൈസ് ചെയ്തഎസ്റ്റിമേറ്റിന്റെയും ഭാഗം 1 ന്റെ ആദ്യ ഇനമായുള്ള Excavation For Structures(11.1.1.1).....പ്രവൃത്തി 20.152m$^3$(@480/m) അളവിൽ ചെയ്തു.
എസ്റ്റിമേറ്റിന്റെ ഭാഗം 3 ന്റെ 2ാം ഇനമായി Mord. Filling With Contractor's Own Earth Excluding Rock In Open Areas In Layers Not Exceeding 20 Cm In Depth Consolidating Each Layer By Ramming And Waterig... എന്ന ഇനം പ്രവൃത്തി 42m$^3$ അളവിലും ചെയ്തിട്ടുണ്ട്(@700/m$^3$). മണ്ണ് ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും, എസ്റ്റിമേറ്റിന്റെ ഒന്നാം ഇനം പ്രവർത്തിയിലൂടെ(11.1.1.1) കുഴിച്ചെടുത്ത മണ്ണ് 20.152m$^3$ കുറവ് വരുത്തിയില്ല.
കൂടാതെ നിറച്ച മണ്ണിന്റെ അളവിൽ നിന്നും സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടുള്ളതായും കാണുന്നില്ല.

ഫില്ലിംഗ്പ്രവൃത്തി $42m^3$ ചെയ്തതിന് $700/m^3$ നിരക്കിൽ 29,400/- രൂപ അനുവദിച്ചിട്ടുണ്ട്.
മേൽ അപാകതകൾ മൂലം 17,512/- രൂപയുടെ അധികചെലവുണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ഫില്ലിംഗ് പ്രവൃത്തി : $42m^3$

(-) Excavation (11.1.1.1) പ്രവൃത്തിയിൽ ലഭ്യമായത് : $20.152m^3$

ശേഷിക്കുന്നത് : $21.848m^3$

(-)10% For Consolidation : 2.1848

ശേഷിക്കുന്നത് : $19.6632m^3$

അനുവദനീയ തുക. $19.6632m^3$ X 700 = 13,764/- രൂപ

അനുവദിച്ച തുക. 29,400/- രൂപ

വ്യത്യാസം. 15,636 + 12% GST Compensation = 17,512/- രൂപ

വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 17,512/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 12/19.12.2022

## 1-28 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ ഭീമമായ തുക ഒടുക്കു വരുത്തുന്നു

പേരയം ഗ്രാമ പഞ്ചായത്തിൽ 173 എണ്ണം ടാപ്പുകൾക്കായി പ്രതിമാസം 79,479/- രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും ടി തുക ഒടുക്കു വരുത്തുകയും ചെയ്യുന്നു. ടാപ്പുകളുടെ എണ്ണം സംബന്ധമായി കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള സംയുക്ത പരിശോധന റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/19.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
2021-22 വർഷം വെള്ളക്കരമിനത്തിൽ 9,53,748/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഒടുക്കിയ തുക ₹ | ചെലവ് വിവരം |
|---|---|---|
| 4/21 | 75,688<br>3,791 | 754028/22.4.21<br>754040/7.5.21 |
| 5/21 | 79,479 | 750992/26.5.21 |
| 6/21 | 79,479 | 750575/29.6.21 |
| 7/21 | 79,479 | 750620/27.7.21 |
| 8/21 | 79,479 | 750877/25.8.21 |
| 9/21 | 79,479 | 747248/17.9.21 |
| 10/21 | 79,479 | 586060/20.10.21 |
| 11/21 | 79,479 | 586086/24.11.21 |
| 12/21 | 79,479 | 586121/23.12.21 |
| 1/22 | 79,479 | 574063/27.1.22 |
| 2/22 | 79,479 | 485640/21.2.22 |
| 3/22 | 79,479 | 485662/16.3.22 |
| ആകെ | 9,53,748/- | |

വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ ഭീമമായ ചെലവ് ഒഴിവാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 ടെലിഫോൺ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഒമ്പതാം വാർഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിട നമ്പർ 472, 502 എന്നിങ്ങനെ അസസ്സ് ചെയ്ത ടെലിഫോൺ ടവറുകളിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ – 9/472
കെട്ടിട ഉടമ - ജനറൽ മാനേജർ ഇൻഡസ് ടവേഴ്സ്
അസസ്സ് ചെയ്ത വസ്തു നികുതി - 1800/അർദ്ധ വർഷം
ലൈബ്രറി സെസ് - 90
സർവ്വീസ് ചാർജ്ജ് – 288
ആകെ - 2178/അർദ്ധ വർഷം
ആകെ കുടിശ്ശിക കാലയളവ് - 2019 ആദ്യ അർദ്ധ വർഷം മുതൽ

2. കെട്ടിട നമ്പർ - 9/502
കെട്ടിട ഉടമ - ശ്രീ. ശ്രീജിത്ത് വി ആർ, റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ്
അസസ്സ് ചെയ്ത വസ്തു നികുതി - 3000/അർദ്ധ വർഷം
ലൈബ്രറി സെസ് - 150
സർവ്വീസ് ചാർജ്ജ് - 480
ആകെ - 3630/അർദ്ധ വർഷം
ആകെ കുടിശ്ശിക കാലയളവ് - 2013 ആദ്യ അർദ്ധ വർഷം മുതൽ

ടെലിഫോൺ ടവറുകളിൽ നിന്നും ദീർഘകാലമായി വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/20.12.22) നൽകിയ മറുപടിയിൽ ടി സ്ഥാപനങ്ങൾ കെട്ടിട നികുതി അടവാക്കുന്നില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. നാളിതുവരെയുള്ള കെട്ടിട നികുതി കുടിശ്ശിക മുഴുവനായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-30 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കട മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള പേരയം ഷോപ്പിംഗ് കോംപ്ലക്സിലെ 12 കടമുറികൾ വിവിധ വ്യക്തികൾ ലേലത്തിൽ എടുത്തിട്ടുണ്ട്. ആയതിൽ 12/447 നമ്പർ കടമുറി ലേലത്തിൽ എടുത്ത വ്യക്തി മാത്രമാണ് ലൈസൻസ് എടുത്ത് നിയമാനുസൃതമായി പ്രവർത്തിക്കുന്നത്. മറ്റു സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് കച്ചവടം നടത്തുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/19.12.22) മറുപടിയായി ഈ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും നിയമാനുസൃത ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭവന പുനരുദ്ധാരണ പ്രവൃത്തിക്ക് പ്രോജക്റ്റിനേയും, വാല്യൂവേഷനേയും അധികരിച്ച് 50,000/-രൂപ നൽകി.

| | |
|---|---|
| പ്രോജക്റ്റ് | വീട് പുനരുദ്ധാരണം (എസ്.സി) നമ്പർ- 94/21-22 |
| അടങ്കൽ | ₹ 16,00,000/- (15,74,200/- വികസന ഫണ്ട് എസ്.സി.പി + 25,800/- തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | ₹ 12,00,000/- |

2021-2022 സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം (എസ്.സി) പ്രവൃത്തിക്കായി ഒരു ഗുണഭോക്താവിന് 1,00,000/- രൂപ വച്ച് 16 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കാനാണ് പദ്ധതി ആവിഷ്കരിച്ചത്. അസി. എഞ്ചിനിയുടെ വാല്യൂവേഷൻ പ്രകാരം 1,00,000/-രൂപ നൽകുന്നതിന് പകരം ശ്രീമതി. വസന്ത, തെക്കേ തടത്തിവിള, പേരയം, മുളവന. പി.ഒ എന്ന ഗുണഭോക്താവിന് 1,50,000/- രൂപ നൽകി. അധികം 50,000/- രൂപ നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നൽകിയ തുക ₹ | ബിൽ നമ്പർ, തീയതി |
|---|---|---|
| 1 | 50,000/- | 22/21-22, 20.1.22 |
| 2 | 50,000/- | 40/21-22, 16.2.22 |
| 3 | 50,000/- | 41/21-22, 19.2.22 |
| | ആകെ - 1,50,000/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികമായി നൽകിയ 50,000/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ ആക്കൌണ്ടിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. അധികം നൽകിയ 50,000/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നമ്പർ - 4 /17.12.22

നിരാകരണം - 50,000/- രൂപ

## 3-2 മരാമത്ത് പ്രവർത്തി-കരാർ നിരക്കിലും അധികമായി തുക നൽകി-1485/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ. S0121/22 കൊച്ചുമുറ്റം കുറിച്ചിയിൽ ഏലാ റോഡ് പുനരുദ്ധാരണം
നിർവ്വഹണാധികാരി – അസി. എഞ്ചിനീയർ
അടങ്കൽ തുക – 8,00,000/- രൂപ (Maintanance Fund-road)
ആകെ ചെലവ് – 7,22,739/- രൂപ (Bill No.7/30.7.2021)
ടെൻഡർ ഷെഡ്യൂൾ തുക – 7,14,152.77/- രൂപ (PAC)
കരാർ തുക – 6,45,302.77/- രൂപ (Agreed PAC)
കരാറുകാരൻ – ശ്രീ. മണികണ്ഠൻ. എ.
ബിൽതുക കണക്കാക്കിയതിന്റെ വിവരങ്ങൾ:
എംബുക്ക് നമ്പർ. 34/20-21
ആകെ കണക്കാക്കിയ പ്രവർത്തി മൂല്യം: 6,45,303/- രൂപ
+12%: 77,436/- രൂപ
ആകെ: 7,22,739/- രൂപ

ടെൻഡർ ഷെഡ്യൂൾ തുക 714152.77 എന്നുള്ളത് 12.2.2021 ലെ 7 നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് പരിഷ്കരിച്ച് 7,12,685.63 രൂപ ആയി പുനർനിർണിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ടെൻഡർ നിരക്ക് പ്രകാരം, കരാറുകാരന് പരമാവധി അനുവദനീയമായ തുക ചുവടെ ചേർക്കും പ്രകാരം കണക്കാക്കുന്നു.

645302.77 / 714152.77 X 712685.63 = 6,43,977/- രൂപ
+12% GST Compensation: 77,277/- രൂപ
ആകെ: 7,21,254/- രൂപ
അധികം പിൻവലിച്ച തുക : 1,485/- രൂപ

വിഷയത്തിൻ മേൽ വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,485/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ അസിസ്റ്റൻറ് എഞ്ചിനീയറിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/19.12.2022.
നിരാകരിച്ച തുക – 1,485/- രൂപ

### 3-3 മണ്ണ് നിറയ്ക്കൽ പ്രവൃത്തി: അപാകതകൾ, 17512/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ – SO122/22, (അയ്യൻ കോയിക്കൽ കാപ്പിക്കാരൻ കരിക്കലഴികം റോഡ് പുനരുദ്ധാരണം)
നിർവ്വഹണാധികാരി : അസിസ്റ്റന്റ് എഞ്ചിനീയർ.
അടങ്കൽ തുക – 9,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ് – 7,23,584/- രൂപ (ബിൽ നം. 9 /17.08.21)
കരാറുകാരൻ - ശ്രീ. ജോൺസൺ
കരാർ നം. 30/AE/LSGD/KPA/21-22 Dtd.16.10.2021.
എം ബുക്ക് നമ്പർ. 46/21-22
പ്രവൃത്തിയുടെ പ്രാഥമിക എസ്റ്റിമേറ്റിന്റെയും റിവൈസ് ചെയ്തഎസ്റ്റിമേറ്റിന്റെയും ഭാഗം 1 ന്റെ ആദ്യ ഇനമായുള്ള Excavation For Structures(11.1.1.1).....പ്രവൃത്തി 20.152m$^3$(@480/m) അളവിൽ ചെയ്തു.
എസ്റ്റിമേറ്റിന്റെ ഭാഗം 3 ന്റെ 2ാം ഇനമായി Mord. Filling With Contractor's Own Earth Excluding Rock In Open Areas In Layers Not Exceeding 20 Cm In Depth Consolidating Each Layer By Ramming And Waterig... എന്ന ഇനം പ്രവൃത്തി 42m$^3$ അളവിലും ചെയ്തിട്ടുണ്ട്(@700/m$^3$). മണ്ണ് ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും, എസ്റ്റിമേറ്റിന്റെ ഒന്നാം ഇനം പ്രവർത്തിയിലൂടെ(11.1.1.1) കുഴിച്ചെടുത്ത മണ്ണ് 20.152m$^3$ കുറവ് വരുത്തിയില്ല.
കൂടാതെ നിറച്ച മണ്ണിന്റെ അളവിൽ നിന്നും സി.പി.ഡബ്ല്യൂ.ഡി. സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടുള്ളതായും കാണുന്നില്ല.
ഫില്ലിംഗ്പ്രവൃത്തി 42m$^3$ ചെയ്തതിന് 700/m$^3$ നിരക്കിൽ 29,400/- രൂപ അനുവദിച്ചിട്ടുണ്ട്.
മേൽ അപാകതകൾ മൂലം 17,512/- രൂപയുടെ അധികചെലവുണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ആകെ ഫില്ലിംഗ് പ്രവൃത്തി : 42m$^3$
(-) Excavation (11.1.1.1) പ്രവൃത്തിയിൽ ലഭ്യമായത് : 20.152m$^3$
ശേഷിക്കുന്നത് : 21.848m$^3$
(-)10% For Consolidation : 2.1848
ശേഷിക്കുന്നത് : 19.6632m$^3$
അനുവദനീയ തുക. 19.6632m$^3$ X 700 = 13,764/- രൂപ
അനുവദിച്ച തുക. 29,400/- രൂപ
വ്യത്യാസം. 15,636 + 12% GST Compensation = 17,512/- രൂപ
വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 17,512/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 12/19.12.2022
നിരാകരിച്ച തുക – 17,512/- രൂപ

### 3-4 പൾസ് ഓക്സിമീറ്റർ വാങ്ങൾ:1344/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പഞ്ചായത്തിന്റെ തനത് ചെലവ് രേഖകൾ പരിശോധിച്ചതിൽ 18 പൾസ് ഓക്സിമീറ്ററിന്റെ വിലയിനത്തിൽ ചെക്ക് നമ്പർ 750983 തീയതി 10.5.21 പ്രകാരം 24,192/- രൂപ (1,344/- രൂപ നിരക്കിൽ), എലിക്സർ കെമിക്കൽസ് ആൻഡ് സർജിക്കൽസ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതായി കാണുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്ക് റജിസ്റ്റർ പ്രകാരം 17 പൾസ് ഓക്സിമീറ്ററുകളുടെ സീരിയൽ നമ്പർ രേഖപ്പെടുത്തി സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. (പേജ് 75-76). ഇവ ആർക്കു നൽകി / ആര് കൈപ്പറ്റി എന്ന വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 17 ഓക്സിമീറ്റർ കൈപ്പറ്റിയപ്പോൾ 18 എണ്ണത്തിന്റെ വില നൽകുവാൻ ഉണ്ടായ സാഹചര്യവും ആർക്ക് വിതരണംചെയ്തു എന്നതും വിശദീകരിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ആയതിനാൽ സ്റ്റോക്കിലെടുത്ത 17 പൾസ് ഓക്സിമീറ്ററുകളുടെ വിലയിനത്തിലുള്ള 22,848/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. സ്റ്റോക്കിലെടുത്തിട്ടില്ലാത്ത 1 പൾസ് ഓക്സിമീറ്ററിന്റെ വിലയായ 1,344/- രൂപ

ഓഡിറ്റിൽ നിരാകരിക്കുന്നു. 1,344/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവകരുത്തേണ്ടതാണ്. 17 പൾസ് ഓക്സിമീറ്ററുകൾ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 18/19.12.2022
നിരാകരിച്ച തുക – 1,344/- രൂപ
തടസ്സം – 22,848/- രൂപ

### 3-5 വാഹനത്തിൽ ഉപയോഗിക്കാത്ത ഇന്ധനത്തിന് വില നൽകി: 3917/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പഞ്ചായത്തിന്റെ തനത് ചെലവ് രേഖകൾ പരിശോധിച്ചതിൽ 02/2021 മാസത്തിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL02-BA/7759 നമ്പർ ബൊലേറോ ജീപ്പിൽ ഇന്ധനം നിറച്ച വകയിൽ 11,337/- രൂപ ചെക്ക് നമ്പർ 754032/27.4.21 പ്രകാരം പിൻവലിച്ചിട്ടുണ്ട്.
ചെലവിന്റെ ഓഡിറ്റിന്ഹാജരാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
46 ലിറ്റർ @ 85.16 = 3917.36 Bill No 15341/16.2.21/Mohanan R, BP Dealer, Kundara
42.63 ലിറ്റർ @ 87.02 = 3709.66 Bill No 15377/27.2.21/ „
45 ലിറ്റർ @ 82.45 = 3710.25 Bill No 15323/7.2.21/ „
ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ, ലോഗ് ബുക്ക് മാസാന്ത്യ അബ്സ്ട്രാക്റ്റ്/സാക്ഷ്യപത്രം എന്നിവ പ്രകാരം മുൻ ബാക്കി 44.03 ലിറ്റർ, തൻമാസ ഫില്ലിംഗ് 45 ലിറ്റർ, 42.63 ലിറ്റർ എന്നിങ്ങനെയാണ് വാഹനത്തിൽ നിറച്ച ഇന്ധനത്തിന്റെ അളവ്. ബിൽ നം. 15341/16.2.21 പ്രകാരമുള്ള 46 ലിറ്റർ ഇന്ധനം ലോഗ് ബുക്ക് പ്രകാരം വാഹനത്തിൽ നിറച്ചിട്ടില്ല. ശരാശരി 12.5KM/Ltr നിരക്കിൽ ഇന്ധന വിനിയോഗം കണക്കിലെടുത്ത് 0.06 ലിറ്റർ നീക്കിയിരിപ്പ് കണക്കാക്കി അടുത്ത മാസത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടുമുണ്ട്.
46 ലിറ്റർ ഇന്ധന വിനിയോഗം സംബന്ധമായി വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ലോഗ് ബുക്ക് പ്രകാരം വാഹനത്തിൽ വിനിയോഗിച്ചിട്ടില്ലാത്ത 46 ലിറ്റർ ഇന്ധനത്തിന്റെ വില ഇനത്തിലുള്ള 3,917/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 19/19.12.22
നിരാകരിച്ച തുക – 3,917/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 15.12.22, 16.12.22 | കെ.എസ്.എ.കെ.എൽ.എം.പി.4/2393/22 21.03.2023 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 42,500 | 4/22-നെല്ല് വികസനം | 42,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50,000 | 173/22-പാലിയേറ്റീവ് കെയർ പദ്ധതി | 50,000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 16,400 | 133/22-മത്സ്യകൃഷി | 16,400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000 | 92/22-ലൈഫ് | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (എസ്.സി) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,20,000 | 157/22-ലൈഫ് (എസ്.സി) | 1,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 20,763 | 138/22-ലൈഫ് | 20,763 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,80,000 | 160/22-ലൈഫ് | 4,80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 12,00,000 | 146/22-ലൈഫ് | 12,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1,00,000 | 151/22-സ്കോളർ ഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000 | 18/22-സ്കോളർ ഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000 | 11/22-എസ്.എൻ.പി | 1,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1,00,000 | 11/22-എസ്.എൻ.പി | 1,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1,76,028 | 47/22-പാൽ സബ്സിഡി | 1,76,028 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | G.O.(M.S)NO.68/18/LSGD, 18.10.18<br>G.O.(M.S)NO.110/ 18, 13.8.18 | 0 | 21,91,016/- | 3,37,333/- | 0 | 18,53,683/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1999-2000 | 3.9 | 2006-07 | 3.11.4 | ജനകീയ പാർപ്പിട പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1999-2000 | 3.7 | 2006-07 | 3.11.4 | പമ്പ്സെറ്റ് സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50,000/- | ശ്രീ. ജിമ്മിദാസ്. വൈ (വി.ഇ.ഒ) |
| 3-2 | | 1,485/- | ശ്രീമതി. മീനു. എസ് (അസി.എഞ്ചിനിയർ) |
| 3-3 | | 17,512/- | ശ്രീമതി. മീനു. എസ് (അസി.എഞ്ചിനിയർ) |
| 3-4 | | 1,344/- | ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) |
| 3-5 | | 3,917/- | ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,00,000/- | ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) |
| 1-16 | 2,54,185/- | ഡോ.ബർട്ടില്ല ബഞ്ചമിൻ (മെഡിക്കൽ ഓഫീസർ,പി.എച്ച്.സി) |
| 1-17 | 3,00,000/- | ശ്രീ. ജിമ്മിദാസ്. വൈ (വി.ഇ.ഒ) |
| 1-18 | 50,000/- | ശ്രീ. ജിമ്മിദാസ്. വൈ (വി.ഇ.ഒ) |
| 1-19 | 90,583/- | ഡോ. പിങ്കി. എ (മെഡിക്കൽ ഓഫീസർ, ഹോമിയോ) |
| 1-24 | 22,848/- | ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) |
| 1-22 | 1.60,000/- | ശ്രീമതി. സന്ധ്യ. റ്റി (വി.ഇ.ഒ) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അ ന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജിജിമോൾ അലക്സ് (സെക്രട്ടറി) | സെക്രട്ടറി, പേരയം ഗ്രാമപഞ്ചായത്ത് | ആനന്ദഭവനം, കമ്പളം. പി. ഒ,പേരയം |
| ശ്രീ. ജിമ്മിദാസ്. വൈ (വി.ഇ.ഒ) | വി.ഇ.ഒ, പേരയം ഗ്രാമപഞ്ചായത്ത് | നെടുവിളചരുവിൽ, കൊട്ടുവിള. പി. ഒ, ഈസ്റ്റ് കല്ലട. |
| ശ്രീമതി. മീനം. എസ് (അസി. എഞ്ചിനിയർ) | ചമ്പക്കുളം ബ്ലോക്ക്, ആലപ്പുഴ | ഗീതം, വികാസ് നഗർ, പട്ടത്താനം. പി. ഒ, കൊല്ലം |
| ഡോ. പിങ്കി. എ (മെഡിക്കൽ ഓഫീസർ, ഹോമിയോ) | ഹോമിയോ, ഇളകമൺ | ശ്രീലക്ഷ്മി, എം.എം. നഗർ-107, മുരുന്തൽ, പെരിനാട്. പി. ഒ |
| ഡോ. ബർട്ടില്ല ബഞ്ചമിൻ (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) | പി.എച്ച്.സി, പേരയം | നെടിയഴികം, മയ്യനാട്. പി. ഒ |
| ശ്രീമതി. സന്ധ്യ. റ്റി (വി.ഇ.ഒ) | വി.ഇ.ഒ, പിറവന്തൂർ ഗ്രാമപഞ്ചായത്ത് | ഉത്തമ, താനിക്കമുക്ക്, പെരിനാട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 1998-99 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 1999-2000 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2000-01 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2001-02 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2002-03 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2003-04 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2004-05 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2005-06 | കെ എസ് എ.കെ എൽ എം.പി 4-368/18 തീയതി 28-02-18 |
| 2006-07 | കെ എസ് എ.കെ എൽ എം.പി 4-783(1)/19 തീയതി 7-6-19 |
| 2007-08 | കെ എസ് എ.കെ എൽ എം.പി 4-783(2)/19 തീയതി 7-6-19 |
| 2008-09 | കെ എസ് എ.കെ എൽ എം.പി 4-783(3)/19 തീയതി 7-6-19 |
| 2009-10 | കെ എസ് എ.കെ എൽ എം.പി 4-783(4)/19 തീയതി 7-6-19 |
| 2010-11 | കെ എസ് എ.കെ എൽ എം.പി 4-783(5)/19 തീയതി 7-6-19 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി4/അദാലത്ത് 2011-12/709/22 തീയതി. 20.08.2022 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി4/അദാലത്ത് 2012-13/708/22 തീയതി. 20.08.2022 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി4/അദാലത്ത് 2013-14/706/22 തീയതി. 20.08.2022 |

| | |
|---|---|
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി4/അദാലത്ത് 2015-16/707/22<br>തീയതി. 20.08.2022 |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി 6/1116/17 തീയതി.- 15.06.2017 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി 4/84/19 തീയതി.- 09.03.2020 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി 4/88/20തീയതി.- 6.5.2020 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി 4/948/21തീയതി.- 8.1.22 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി 4/952/21 തീയതി.- 19.1.22 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം